## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ -ഇംഗ്ലീഷ് വിഭാഗം -പൊതു സ്ഥലംമാറ്റ ഉത്തരവ് 2017 - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ എ3/9523/2017/കോ.വി.വ (1) തീയതി 31/7/2017

---

പരാമർശം: 2017 ലെ ഇംഗ്ലീഷ് വിഭാഗം പൊതു സ്ഥലം മാറ്റ ഉത്തരവ് നമ്പർ എ3-9523/17/കോ.വി.വ തീയതി 12.6.17.

### ഉത്തരവ്

മേൽ പരാമർശിത ഉത്തരവ് പ്രകാരം ഇംഗ്ലീഷ് വിഭാഗത്തിലെ **ശ്രീമതി. അഞ്ജു.വി. അശോകനെ** കോട്ടയം ഗവൺമെന്റ് പോളിടെക്നിക് **കോളേജിൽ നിന്നും വെച്ചൂച്ചിറ** ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ നിലവിലെ ഒഴിവിൽ **സ്ഥലംമാറ്റി, പ്രസ്തുത ഒഴിവി** ലേയ്ക്ക് മണിമലക്കുന്ന് ഗവൺമെന്റ് കോളേജിലെ ശ്രീമതി. ലക്ഷ്മി. ആർ നായർക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നു. ഇതിൻ പ്രകാരം സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ സ്ഥലംമാറ്റം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായി പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്. ശ്രീമതി. അഞ്ജു വി. അശോകന്റെ ഹോം സ്റ്റേഷൻ എറണാകുളം ആണെന്ന വിവരത്തിന്റെ അടിസ്ഥാന ത്തിലാണ്, മണിമലക്കുന്ന് സർക്കാർ കോളേജിൽ ജോലി ചെയ്തിരുന്ന, കോട്ടയം ഹോംസ്റ്റേ ഷനും 11 വർഷത്തെ ഔട്ട് സ്റ്റേഷൻ സർവ്വീസും ഉള്ള ശ്രീമതി. ലക്ഷ്മി ആർ നായരെ കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിൽ, ശ്രീമതി. അഞ്ജു.വി. അശോകനെ സ്ഥലംമാറ്റി നിയമി ച്ചത് എന്നാൽ ശ്രീമതി. അഞ്ജു.വി. അശോകൻ 2014 ൽ ഹോം സ്റ്റേഷൻ കോട്ടയം ആയി മാറ്റിയിട്ടു ണ്ടെന്നും ടി ട്രാൻസ്ഫർ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. രേഖകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. അഞ്ജു.വി. അശോകൻ 2014 ൽ ഹോം സ്റ്റേഷൻ കോട്ടയം ആയി മാറ്റിയിട്ടുണ്ട്. കോട്ടയം ഹോം സ്റ്റേ ഷൻ ആയിട്ടുള്ള ശ്രീമതി. ലക്ഷ്മി ആർ നായർ പൊതു സ്ഥലംമാറ്റ സമയത്ത് ഹോം സ്റ്റേഷനിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ല. ആയതിനാൽ തന്നെ ഓപ്പൺ ഒഴിവിൽ മാത്രമേ ട്രാൻസ്ഫറിന് അർഹതയുള്ളു. മേൽ സാഹചര്യ ത്തിൽ ശ്രീമതി. അഞ്ജു. വി. അശോകനെ വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ നിന്നും കോട്ടയം ഗവൺമെന്റ് പോളിടെക്നിക് കോളേജിലേയ്ക്ക് തിരികെ സ്ഥലംമാറ്റിയും, വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ പ്രസ്തുത ഒഴിവിലേയ്ക്ക് ശ്രീമതി. ലക്ഷ്മി ആർ നായരെ സ്ഥലംമാറ്റിയും ഉത്തരവാകുന്നു. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ പത്ത് ദിവസത്തിനകം സ്ഥലം മാറ്റം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, പ്രസ്തുത വിവരം പ്രിൻസിപ്പാൾ ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-

എം.എസ്. ജയ ഐ.എ എസ്.

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-

1) പ്രിൻസിപ്പാൾ, ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കോട്ടയം.
2) പ്രിൻസിപ്പാൾ, ഗവൺമെന്റ് പോളിടെക്നിക് കോളേജ്, വെച്ചൂച്ചിറ.
3) ശ്രീമതി. ലക്ഷ്മി.ആർ നായർ, ശ്രീമതി. അഞ്ജു.വി. അശോകൻ (പ്രിൻസിപ്പാൾ മുഖാന്തിരം)
4) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം
5) കരുതൽ ഫയൽ / നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/1/8/17

0610346 GOVERNMENT OF KERALA